പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3727 — 20.06.2019 ൽ മറുപടിയ്ക്ക്

## നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ്

**ചോദ്യം**

ശ്രീ.എം.ഉമ്മർ
ശ്രീ.ടി. വി. ഇബ്രാഹിം
ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്
ശ്രീ.അബ്ദുൽ ഹമീദ് പി.

**ഉത്തരം**

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഇല്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സബ്സിഡി നൽകുന്ന നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടില്ല. പൊതുവിൽ ഈ നടപടി അവശ്യ സാധനങ്ങളുടെ വിലക്കയറ്റത്തെ നിയന്ത്രിക്കുന്നതിൽ നല്ല പങ്ക് വഹിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഭക്ഷ്യസാധനങ്ങളുടെ പൂഴ്ത്തിവെയ്പും കൃത്രിമക്ഷാമം സൃഷ്ടിക്കുന്നതും കൊണ്ടാണ് ഇത്തരം അവശ്യ സാധനങ്ങളുടെ വില വർദ്ധിക്കാൻ കാരണമാകുന്നതെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | ഇന്ധന വില വർദ്ധനവ്, കാർഷിക മേഖലയിലെ പ്രശ്നങ്ങൾ, പൊതുവിപണിയിലെ പൂഴ്ത്തിവയ്പ്പ്, കൃത്രിമ ക്ഷാമം എന്നിങ്ങനെ വിവിധ കാരണങ്ങൾ നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവിന് കാരണമാകാറുണ്ടെങ്കിലും സർക്കാർ ഫലപ്രദമായി വിപണിയിടപെടൽ നടത്തിയും ആവശ്യമായ പരിശോധന വഴിയും വില നിയന്ത്രണം ഉറപ്പ് വരുത്തുന്നു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| ക്രമ നമ്പർ | ഇനം | പൊതു വിപണി വില (രൂപ കി.ഗ്രാമിന്) | |
|---|---|---|---|
| | | 25/05/2016 | 13/06/2019 |
| 1 | ചെറുപയർ | 107.50 | 93.50 |
| 2 | ഉഴ ന്ന് ബോൾ | 180.93 | 92.07 |
| 3 | വൻകടല | 83.85 | 76.14 |
| 4 | വൻപയർ | 68.07 | 71.43 |
| 5 | തുവര പരിപ്പ് | 151.36 | 98.21 |
| 6 | മുളക് | 161.64 | 129.21 |
| 7 | മല്ലി | 115.36 | 101.50 |
| 8 | പഞ്ചസാര | 39.79 | 38.00 |
| 9 | വെളിച്ചെണ്ണ | 114.50 | 203.94 |
| 10 | ജയ അരി | 30.00 | 37.00 |
| 11 | കുറുവ അരി | 30.00 | 37.00 |
| 12 | മട്ട അരി | 33.86 | 37.82 |
| 13 | പച്ചരി | 28.33 | 34.67 |
| 14 | ആന്ധ്ര ഇതര ജയ അരി | 30.00 | 36.00 |

സെക്ഷൻ ഓഫീസർ